(സി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനഃസംഘടന സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി (ഇ.ആർ.സി.) രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി ഓരോ പൊതുമേഖലാ സ്ഥാപനത്തെയും സംബന്ധിച്ച് പ്രത്യേകമായി പഠനം നടത്തി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നു. ഈ നിർദ്ദേശങ്ങളിന്മേൽ ആസൂത്രണ ബോർഡിന്റെ ശുപാർശയും കൂടി പരിഗണിച്ച് സർക്കാർ തീരുമാനമെടുക്കുന്നുണ്ട്.

സംസ്ഥാനത്ത് റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾക്ക് നടപടി

4 (* 711) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റബ്ബർ ഉൽപ്പാദനത്തേയും റബ്ബർ അധിഷ്ഠിത വ്യവസായങ്ങളേയും കുറിച്ച് ഒരു വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന റബ്ബർ അസംസ്കൃത വസ്തുവായ വ്യവസായങ്ങൾ ബഹുഭൂരിപക്ഷവും അയൽ സംസ്ഥാനങ്ങളിലാണ് സ്ഥിതിചെയ്യുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) അയൽ സംസ്ഥാനങ്ങളിലേക്കുള്ള അസംസ്കൃത റബ്ബറിന്റെ ഒഴുക്ക് അവസാനിപ്പിക്കാനും റബ്ബർ വ്യവസായങ്ങൾ സംസ്ഥാനത്ത് കൊണ്ടുവരാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

(ഇ) സംസ്ഥാനത്തുനിന്ന് എത്രത്തോളം അസംസ്കൃത റബ്ബർ അയൽ സംസ്ഥാനങ്ങളിലേക്ക് പോകുന്നതായി കണക്കാക്കിയിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കുമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ഉണ്ട്.

(ഡി) ഉണ്ട്. റബ്ബർ വ്യവസായത്തിന്റെ സമഗ്ര വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ റബ്ബർ അധിഷ്ഠിത ചെറുകിട വ്യവസായങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കാൻ പദ്ധതിയുണ്ട്. ഇതിന്റെ ഭാഗമായി കോട്ടയം ജില്ലയിൽ കേന്ദ്ര സർക്കാർ സഹായത്തോടെ റബ്ബർ ക്ലസ്റ്ററുകൾ സ്ഥാപിക്കാനുള്ള പ്രവർത്തനം നടന്നുവരുന്നു. റബ്ബറും റബ്ബർ തടിയും ഉപയോഗിച്ചുമൂല്യവർദ്ധിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനായി എറണാകുളം ജില്ലയിലെ ഐരാപുരത്തു റബ്ബർ ബോർഡും കിൻഫ്രയും സംയുക്തമായി ഒരു റബ്ബർ പാർക്ക് സ്ഥാപിച്ചുവരുന്നു. ഇതിന്റെ പ്രവർത്തനം ഉടനെ ആരംഭിക്കുന്നതാണ്. വൻകിട/ ഇടത്തരം മേഖലയിൽ സംസ്ഥാനത്ത് റബ്ബർ വ്യവസായം കെ.എസ്.ഐ.ഡി.സി. പ്രോത്സാഹിപ്പിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 2002-03-ൽ കേരളത്തിൽ 5,96,800 മെട്രിക് ടൺ റബ്ബർ ഉല്പാദിപ്പിച്ചു. ഇതിൽ കേരളത്തിലെ ഉപയോഗം 1,07,500 മെട്രിക് ടൺ ആയിരുന്നു. കേരളത്തിൽ നിന്നുള്ള വിദേശകയറ്റുമതി 55211 മെട്രിക് ടൺ ആയിരുന്നു. ബാക്കി 4,34,089 മെട്രിക് ടൺ റബ്ബർ അയൽ സംസ്ഥാനങ്ങളിലേയ്ക്ക് പോയതായി അനുമാനിക്കുന്നു.

ജപ്തിചെയ്യപ്പെട്ട കെ.എസ്.ആർ.ടി.സി. ബസ്സുകൾ റിലീസ് ചെയ്യുന്നതിന് നടപടി

5 (* 712) ശ്രീ. എം. മുരളി :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. വാഹനങ്ങൾ മൂലമുണ്ടാകുന്ന അപകടങ്ങൾ സംബന്ധിച്ച നഷ്ടപരിഹാര കേസുകളുമായി ബന്ധപ്പെട്ട് ജപ്തിചെയ്യുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകൾ യഥാസമയം പണമടച്ച് റിലീസ് ചെയ്ത് വാങ്ങാറുണ്ടോ ;

(ബി) 1-6-2003-ലെ നിലയനുസരിച്ച് ജപ്തിചെയ്യപ്പെട്ട എത്ര വാഹനങ്ങൾ പണമടച്ച് റിലീസ് ചെയ്യാതിരിന്നിട്ടുണ്ട് ;

(സി) ഈ വാഹനങ്ങൾക്ക് ഒട്ടാകെ എന്ത് വില വരുമെന്നും കോടതി ഉത്തരവനുസരിച്ച് ഇവ റിലീസ് ചെയ്യുവാൻ എന്ത് തുകയടയ്ക്കണമെന്നും പറയുമോ ;

(ഡി) ജപ്തി ചെയ്യുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഉടൻതന്നെ റിലീസ് ചെയ്യുവാനുള്ള നടപടി എടുക്കുമോ ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) :

(എ) ഉണ്ട്. വിധിതുകയിലും വിധി നടത്തിപ്പുതുകയിലും തർക്കമുള്ളവയിൽ കോടതി തീർപ്പ് കൽപ്പിക്കുന്നതനുസരിച്ച് പണം കെട്ടിവച്ച് ബസ്സുകൾ റിലീസ് ചെയ്യാറുണ്ട്.

(ബി) 33 (മുപ്പത്തിമൂന്ന്) വാഹനങ്ങൾ.

(സി) ഒരു കോടി നാൽപ്പത്തിനാല് ലക്ഷം രൂപ വിലവരും. ഇവ റിലീസ് ചെയ്യുവാൻ പലിശസഹിതം ഒന്നേമുക്കാൽ കോടി രൂപ അടയ്ക്കേണ്ടിവരും.

(ഡി) വിധി തുകകളിൽ തർക്കവും ചില കേസ്സുകളിൽ അപ്പീലും ഉള്ളതിനാൽ അവയിന്മേൽ കോടതികൾ തീർപ്പ് കൽപ്പിക്കുന്ന മുറയ്ക്ക് തുക കെട്ടിവച്ച് ബസ്സുകൾ റിലീസ് ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly